ശ്രീ. കെ. കെ. തോമസ്: പട്ടികജാതി യുവാവ് ശ്രീചിത്രാ പൂവർ ഹോമിൽനിന്നും ഒരനാഥയുവതിയെ വിവാഹം കഴിച്ചു. ആ അനാഥയുടെ മതമോ, ജാതിയോ ഏതാണെന്ന് ചിത്രാഹോമിൽ വിവരമില്ല. അതു കാരണം മിശ്രവിവാഹിതർക്ക് ഉള്ള ആനുകൂല്യങ്ങളും ഈ ദമ്പതികൾക്ക് ലഭിക്കുന്നില്ല. നമ്മുടെ മുഖ്യമന്ത്രിയുടെ മനുഷ്യത്വമതത്തിൽ ആ യുവതിയെ പെടുത്തി മിശ്രവിവാഹിതർക്കുള്ള ആനുകൂല്യങ്ങളും ഈ ദമ്പതികൾക്കും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: അതൊരു പ്രത്യേക പ്രശ്നമാണ്. അത് ഉന്നയിച്ചാൽ പരിശോധിക്കാം.

തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കാൻ കമ്മീഷൻ

* 6 [194] ശ്രീ. പാച്ചേനി കുഞ്ഞിരാമൻ:
,, സുന്ദരം മാണിക്യം:
,, കെ. ജെ. തോമസ്:
,, ആർ. ഉണ്ണികൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ;

(ബി) തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഏതെങ്കിലും കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത കമ്മീഷൻ റിപ്പോർട്ടിൻമേൽ എന്തു നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ): സർ,

(എ) സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്. †

(ബി) തോട്ടം വ്യവസായത്തിലെ പ്രശ്നങ്ങളെയും തൊഴിലാളി യൂണിയനുകൾ നൽകിയിട്ടുള്ള നിവേദനങ്ങളെയുംപറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ശ്രീ. എം. പി. മേനോനെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിച്ചിട്ടുണ്ട്.

(സി) കമ്മീഷൻ പ്രവർത്തനം ആരംഭിച്ചിട്ടേയുള്ളു. കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചശേഷമേ ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നടപടിയെ സംബന്ധിച്ച് തീരുമാനങ്ങൾ എടുക്കാൻ കഴിയുകയുള്ളു.

ശ്രീ. പാച്ചേനി കുഞ്ഞിരാമൻ: സർ, തൊഴിലാളികൾക്ക് താമസിക്കുന്നതിനുവേണ്ടി പഴയ കാലത്ത് ഉണ്ടാക്കിയിട്ടുള്ള കെട്ടിടങ്ങൾ കാറ്റും വെളിച്ചവും കിട്ടാതെ ഇന്നും ആ നിലയിൽതന്നെ കിടക്കുന്നു. അതു പരിഷ്കരിക്കുന്നതിനുവേണ്ടി തൊളിലാളികൾക്ക് പുതിയ കെട്ടിടങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിന് എന്തെങ്കിലും നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ടോ?

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പങ്കജാക്ഷൻ: ഗവൺമെൻറല്ല ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നത്. മാനേജുമെൻറുകൾ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കണമെന്നാണ് വ്യവസ്ഥ. അങ്ങനെ നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് ഒരു ഹൗസിംഗ് അഡ്വൈസറി ബോർഡ് സംസ്ഥാന ഗവൺമെൻറ് രൂപീകരിച്ചിട്ടുണ്ട്. ഉടമകളുടെ പ്രതിനിധികളും തൊഴിലാളി പ്രതിനിധികളും ഉൾക്കൊള്ളുന്നതാണ് ആ ബോർഡ്. അത് കാലാകാലം ഇക്കാര്യങ്ങൾ പരിശോധിക്കുന്നതാണ്. മാത്രമല്ല ലേബർ കമ്മീഷണർ ഈ കാര്യങ്ങൾ സംബന്ധിച്ച് ഉടമകളുടെ പ്രതിനിധികളുമായി ചർച്ച ചെയ്ത് ഒരു സമയബന്ധിത പരിപാടി തന്നെ ഉണ്ടാക്കിയിട്ടുണ്ട്. പഴയ കെട്ടിടങ്ങൾ പുതുക്കിപ്പണിയുന്നതിനും റിപ്പയറിംഗ് ആവശ്യമുള്ളവ റിപ്പയർ ചെയ്യുന്നതിനുമൊക്കെ 1991-92 കാലഘട്ടത്തിൽ ടാർഗറ്റ് പൂർത്തിയാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

ശ്രീ. പാച്ചേനി കുഞ്ഞിരാമൻ: ഇപ്പോഴും സ്ഥിരപ്പെടുത്താത്ത തൊഴിലാളികൾ എത്രയുണ്ടെന്നു വ്യക്തമാക്കാമോ?

ശ്രീ. കെ. പങ്കജാക്ഷൻ: അത് പ്രത്യേകമായി ചോദിച്ചാലേ പറയാൻ കഴിയുകയുള്ളു.

ശ്രീ. സുന്ദരം മാണിക്യം: ഏറ്റവും കൂടുതൽ തോട്ടം തൊഴിലാളികൾ ഉള്ള ഇടുക്കി ജില്ലയിൽ മാനേജ്മെൻറ് തൊഴിലാളികളുടെ പല ആനുകൂല്യങ്ങളും നിഷേധിക്കുന്ന പ്രവണതയുണ്ട്. ഇത് പരിഹരിക്കുന്നതിന് ഇടുക്കി ജില്ലയുടെ കാര്യത്തിൽ സർക്കാർ പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: അത്തരത്തിൽ പ്രത്യേകമായി തൊഴിലാളികളുടെ ആവശ്യങ്ങൾ നിഷേധിക്കുന്നുണ്ടെങ്കിൽ അത് ചീഫ് ഇൻസ്പെക്ടർ പ്ലാൻേറഷൻെറ ശ്രദ്ധയിലോ ഗവൺമെൻറിൻെറ ശ്രദ്ധയിലോ പെടുത്തിയാൽ പരിശോധിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ശ്രമിക്കുന്നതാണ്.

ശ്രീ. സുന്ദരം മാണിക്യം: കേരളത്തിൽ മൊത്തം എത്ര തോട്ടം തൊഴിലാളികളുണ്ടെന്നേ കണക്ക് വ്യക്തമാക്കാമോ?

ശ്രീ. കെ. പങ്കജാക്ഷൻ: അങ്ങനെ കണക്ക് ശേഖരിച്ചിട്ടില്ല.

ശ്രീ. കെ. ജെ. തോമസ്: തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് പഠിച്ച് ഗവൺമെൻറിന് റിപ്പോർട്ട് സമർപ്പിക്കുവാൻ ശ്രീ. എം. പി. മേനോനെ ഏകാംഗ കമ്മീഷനായി നിയമിച്ചിട്ടുണ്ടെന്നു പറഞ്ഞു. ഈ കമ്മീഷൻെറ ടേംസ് ഓഫ് റഫറൻസ് എന്തൊക്കെയാണ്; എത്ര കാലത്തിനകമാണ് റിപ്പോർട്ട് സമർപ്പിക്കേണ്ടത്?

ശ്രീ. കെ. പങ്കജാക്ഷൻ: ഈ കമ്മീഷൻെറ ടേംസ് ഓഫ് റഫറൻസ്,

The terms of reference to the Commission shall be as follows:

(a) to study the problems of Plantation Industry in the State of Kerala and to make suggestions as to how they can be solved;

(b) to consider the grievances and demands of the Labourers and staff in the plantation industry and to suggest remedial measures;

LIBRARY ARCHIVES Kerala Legislative Assembly

(c) to examine the present base structure of the workers and staff employed in the plantation industry and to suggest a new base structure for them;

(d) to evaluate the implementation of the Plantation Labour Act and the Kerala Plantation Labour Rules, 1959 in the State and to suggest if necessary amendments to the aforesaid act and rules.

കമ്മീഷൻ ഒരു വർഷത്തിനകം പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് വ്യവസ്ഥ.

ശ്രീ. കെ. ജെ. തോമസ്: ഈ കമ്മീഷന്റെ സിറ്റിംഗ് കേരളത്തിലെ തോട്ടം തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന എല്ലാ മേഖലകളിലും ഉണ്ടായിരിക്കുമോ; അതിനെ സംബന്ധിച്ചുള്ള വിവരം വ്യക്തമാക്കാമോ?

ശ്രീ. കെ. പങ്കജാക്ഷൻ: അത് കമ്മീഷനാണ് നിശ്ചയിക്കുന്നത്.

ശ്രീ. ആർ. ഉണ്ണിക്കൃഷ്ണ പിള്ള: ഇപ്പോഴത്തെ വേതന ഘടന തൊഴിലാളികൾക്കുവേണ്ടി മാത്രമുള്ളതാണോ; എസ്റ്റേറ്റ് സ്റ്റാഫിനെ ഇതിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ടോ; അങ്ങനെയില്ലെങ്കിൽ അതു പരിശോധിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: സ്റ്റാഫിന്റെ കാര്യത്തിൽ മാനേജ്മെന്റ് പ്രത്യേകമായി എഗ്രിമെന്റിൽ ഏർപ്പെടുന്നതാണ്. തൊഴിലാളികളുടെ കാര്യമാണെങ്കിൽ ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റി കാലാകാലങ്ങളിൽ തൊഴിലാളികളുടെ കൂലിനിരക്കുകൾ പരിശോധിച്ച് പുതുക്കി നിർണ്ണയിക്കാറുണ്ട്.

ശ്രീ. ആർ. ഉണ്ണിക്കൃഷ്ണപിള്ള: ഏതാണ്ട് നാല്പത് വർഷത്തിന് മേലായി മിനിമം വേജസ് കമ്മിറ്റിയുണ്ടായിരുന്നു. ഇപ്പോൾ ഈ കാര്യങ്ങൾ തീരുമാനിക്കുന്നത് ഐ. ആർ. സി.-യാണ്. ഒരു പുതിയ മിനിമം വേജസ് കമ്മിറ്റി ഉണ്ടാക്കുന്നത് സംബന്ധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഒരു കമ്മിറ്റി തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ, കൂലി നിരക്കുകൾ പരിശോധിച്ച് നിർണ്ണയിക്കുന്നത് വളരെ വർഷങ്ങൾക്ക് മുമ്പാണ്. ഇപ്പോൾ തൊഴിലാളികൾക്ക് ഒരു മിനിമം വേജസ് കമ്മിറ്റി രൂപീകരിച്ച് അവരുടെ കൂലി നിരക്കുകൾ പുതുക്കി നിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നുള്ള നിവേദനം ലഭിച്ചിട്ടുണ്ട്. ഗവൺമെന്റ് അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇപ്പോൾ ഏകാംഗ കമ്മീഷന്റെ മുമ്പാകെ പരിശോധനയ്ക്ക് വിട്ടിട്ടുള്ള പ്രശ്നങ്ങളിൽ ഇവർക്ക് ഒരു വേതന ഘടന നിർണ്ണയിക്കുന്നതിനു കൂടി ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. കെ. തോമസ്: പ്ലാന്റേഷൻ ലേബർ ആക്ടും റൂൾസും നിർബന്ധമാക്കിയിരിക്കുന്ന പാർപ്പിടം, കുടിവെള്ളം, ചികിൽസ, വൈദ്യുതീകരണം—ഈ കാര്യങ്ങൾ പരിഷ്കരിക്കുന്നതിനും മാറ്റമുണ്ടാക്കുന്നതിനുമുള്ള കാര്യങ്ങൾ ഈ കമ്മീഷന്റെ പരിശോധനയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പങ്കജാക്ഷൻ: കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ ഒന്ന്,

(d) to evaluate the implementation of the Plantations Labour Act and the Kerala Plantation Labour Rules, 1959 in the State and to suggest if necessary amendments to the aforesaid act and rules. ഈ പ്ലാന്റേഷൻ ആക്ടും സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള പ്ലാന്റേഷൻ ചട്ടങ്ങളും എത്രത്തോളം പ്രാവർത്തികമാക്കുന്നുണ്ട് എന്ന് പരിശോധിക്കുന്നതിനും പ്രാവർത്തികമാകുന്നില്ലെങ്കിൽ അവ ഫലപ്രദമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ഒ. ഭരതൻ: നിലവിലുള്ള തൊഴിൽ നിയമങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനു വേണ്ടി സാർവ്വത്രികമായി വലിയ തോട്ടങ്ങൾ തുണ്ടുതുണ്ടായി ഭാഗിച്ചു കൊണ്ടിരിക്കുകയാണ്. അതിനു പുറമെ കിഴക്കൻ മലയോര പ്രദേശങ്ങളിൽ ധാരാളം ചെറിയ തോട്ടങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നുണ്ട്. ഇതിലെല്ലാം കൂടി പതിനായിരക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. അവർക്ക് യാതൊരു സാമൂഹ്യക്ഷേമ പദ്ധതിയും ലഭിക്കുന്നില്ല. അതുകൊണ്ട് അത്തരം തൊഴിലാളികൾക്കുവേണ്ടി ഒരു പ്രത്യേക ക്ഷേമനിധി നടപ്പിലാക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. പങ്കജാക്ഷൻ: പ്ലാന്റേഷൻ തൊഴിലാളികൾക്ക് ആകെ ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശമുണ്ട്. അത് ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇത് സംബന്ധിച്ച് പ്രാരംഭ ചർച്ചകളും നടത്തിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ജെ. ചിത്തരഞ്ജൻ: തോട്ടം തൊഴിലാളികളുടെ ലയത്തിൽ വൈദ്യുതി വെളിച്ചം എത്തിച്ച് കൊടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ മാനേജ്മെന്റ് ബാദ്ധ്യസ്ഥമാണ്. ആ ബാദ്ധ്യത നിറവേറാത്ത മാനേജുമെന്റുകൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. കെ. പങ്കജാക്ഷൻ: അതാണ് ഞാൻ സൂചിപ്പിച്ചത്, ലേബർ കമ്മീഷണർ 1989-ൽ ഉടമകളുടെ പ്രതിനിധികളുമായി ഇക്കാര്യം സംബന്ധിച്ച് ചർച്ച ചെയ്യുകയും ഓരോ വർഷവും ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് നിർദ്ദേശം നൽകുകയും ടാർജറ് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട് എന്ന്. ഈ വർഷം നടത്തിയ ഒരു വിലയിരുത്തലിൽ ഏതാണ്ട് 75 ശതമാനത്തോളം നിർദ്ദേശിച്ച വിധത്തിൽ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. 1991-92 കാലം കൊണ്ട് ഈ കാര്യത്തിൽ നടപടികൾ പൂർത്തിയാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

ശ്രീ. ചെർക്കളം അബ്ദുള്ള: തോട്ടം തൊഴിലാളികൾക്ക് യഥാവിധി ലഭിക്കേണ്ട ഒട്ടനേകം ആനുകൂല്യങ്ങൾ കിട്ടാതെ വിഷമം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ തോട്ടങ്ങളിൽ ജോലി ചെയ്യുന്ന ആളുകൾക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കിയില്ലെങ്കിൽ മാനേജുമെന്റുകൾക്ക് ചെറിയ പിഴയടച്ച് രക്ഷപ്പെടാനുള്ള മാർഗ്ഗം നിലവിലുണ്ട്. അതുമാറ്റി തൊഴിലാളികൾക്ക് നൽകേണ്ട ആനുകൂല്യങ്ങൾ നൽകാതിരിക്കുന്ന തോട്ടം ഉടമകൾക്കെതിരെ കർശനമായ ശിക്ഷണ നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പങ്കജാക്ഷൻ: അങ്ങനെ പ്രത്യേകമായി പരാതികൾ ലഭിക്കുന്ന സന്ദർഭങ്ങളിൽ മാനേജ്മെന്റുകളെ നിർബന്ധിക്കുന്നതിനാവശ്യമായ സമ്മർദ്ദ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇതിന് ചീഫ് ഇൻസ്പെക്ടർ ഓപ്പറേഷനു് ആവശ്യമായ അധികാരങ്ങളുണ്ട്.

ശ്രീ. എ. എം. പരമൻ: മറ്റു് പല വിഭാഗം തൊഴിലാളികൾക്കും പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതുപോലെ തോട്ടം തൊഴിലാളികൾക്കും പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനു് വല്ല നടപടിയും ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അത് സ്വീകരിക്കാമോ?

ശ്രീ. കെ. പങ്കജാക്ഷൻ: ഇവർക്ക് പെൻഷൻ ഉൾപ്പെടെ ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്നതിനാണ് നിർദ്ദേശമുള്ളത്. അത് ഗവൺമെന്റ് പരിശോധിച്ചു കൊണ്ടിരിക്കുന്നുണ്ട്.

ശ്രീ. സി. ടി. കൃഷ്ണൻ: ഇന്നു് കൺസിലിയേഷൻ കോൺഫറൻസുകൾ ഒരു പ്രഹസനമാണ്. ബോണസ് കൊടുത്തില്ലെങ്കിലും പണിമുടക്കിയാലും യൂണിയനോ തൊഴിലാളികളോ നോട്ടീസ് കൊടുത്താൽ വിളിച്ചു കൂട്ടുന്ന കൺസിലിയേഷൻ കോൺഫറൻസുകളിൽ തോട്ടം മുതലാളിമാർ പങ്കെടുക്കാറില്ല. ഫോൺ ചെയ്ത് പറയുക, ഒരു കത്ത് കൊടുത്തയക്കുക, യാതൊരു വിവരവും കൊടുക്കാതെ വരാതിരിക്കുക ഇതൊക്കെയാണ് ചെയ്യുന്നത്. അതിനു് ഈ കമ്മീഷന്റെ പരിധിയിൽ കൺസിലിയേഷൻ കോൺഫറൻസുകൾക്കു് മാനേജ്മെന്റിന്റെ പങ്കാളിത്തം ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: അത്തരം കൺസിലിയേഷൻ കോൺഫറൻസുകളിൽ പങ്കെടുക്കാതിരിക്കുന്ന തോട്ടമുടമാ പ്രതിനിധികളെ പങ്കെടുപ്പിക്കുന്നതിനു് ഇപ്പോൾ തന്നെ നടപടികൾ സ്വീകരിക്കാവുന്നതാണ്. അങ്ങനെ എന്തെങ്കിലും തോട്ടമുടമ മനപൂർവ്വമായി ഒഴിഞ്ഞുമാറുന്നു എന്നു കണ്ടാൽ മറ്റു് രീതിയിൽ നടപടികൾ സ്വീകരിക്കാൻ ലേബർ ഡിപ്പാർട്ടുമെന്റിലെ കൺസിലിയേഷൻ ഓഫീസർമാർക്കു് അധികാരമുണ്ട്.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം

* 7 [195] ശ്രീ. സി. ടി. കൃഷ്ണൻ:
,, ആനത്തലവട്ടം ആനന്ദൻ:
,, കെ. പി. അരവിന്ദാക്ഷൻ:
,, ഒ. ഭരതൻ:
,, കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം സ്ഥാപനങ്ങളുടെ കണക്കുകളാണ് പ്രസ്തുത വകുപ്പു് പരിശോധിക്കുന്നതെന്നു് പറയാമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഡിറ്റിംഗ് വളരെ അധികം കുടിശ്ശികയുള്ളതായി അറിയുന്നതു് ശരിയാണോ;

LIBRARY ARCHIVES Kerala Legislative Assembly